നത്ത് വനപ്രദേശത്തുനിന്നും മണൽവാരുന്നത് നിയന്ത്രിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് 22.7.97-ൽ മുഖ്യവനപാലകന് സർക്കാർ അയച്ച കത്തിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സർക്കാർ കത്തിന്റെ പകർപ്പ് (നംപർ 7312/സി2/97/എഫ് ആന്റ് ഡബ്ല്യു.എൻ.ഡി. തീയതി 22.7.97) ലഭ്യമാക്കുമോ?

ഉത്തരം

(എ) കേന്ദ്രവനം മന്ത്രാലയത്തിന്റെ 10.7.97-ലെ എഫ് (സി) എ/161/കെ.ഇ.ആർ./മിസലേനിയസ്/1253 എന്ന കത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയ നിർദ്ദേശങ്ങളുണ്ടായിരുന്നില്ല.

(ബി) അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(സി) അനുബന്ധം ഒന്നിലെ കത്തിൽ ആവശ്യപ്പെട്ടിരുന്ന കൂടുതൽ വിവരങ്ങൾ മുഖ്യവനപാലകനിൽനിന്നും ആരാഞ്ഞുകൊണ്ടുള്ളതായിരുന്നു പ്രസ്തുത കത്ത്.

(ഡി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.†

78 (1527) ശംഖിലി കടവിൽനിന്നും മണൽ വാരലിന് അനുമതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ റേഞ്ചിലെ ശംഖിലി കടവിൽനിന്നും ഫോറസ്റ്റ് വകുപ്പിന്റെ അനുമതിയോടെ എന്നുമുതലാണ് മണൽ വാരൽ തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കടവിൽനിന്ന് മണൽ വാരാൻ വിവിധ കാലഘട്ടങ്ങളിൽ അനുമതി നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും 1980-ന് മുൻപ് മണൽവാരിക്കൊണ്ടിരുന്ന കടവുകളിൽപ്പെട്ട കടവാണ് ശംഖിലികടവെന്നും വ്യക്തമാക്കുന്ന ഉത്തരവും ലഭ്യമാക്കുമോ:

(സി) ശംഖിലി കടവിൽനിന്ന് 1.4.97 മുതൽ 31.3.98 വരെ എത്ര ലോഡ് മണൽവാരുന്നതിന് വനംവകുപ്പ് പാസ് നൽകിയെന്നും ഇതുപ്രകാരം എത്ര ലോഡ് മണൽ വാരി എന്നും വ്യക്തമാക്കുമോ;

(ഡി) 31.3.98 ന് ശേഷം നാളിതുവരെ ശംഖിലിയിൽ നിന്നും എത്ര ലോഡ് മണൽ വാരിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുളത്തൂപ്പുഴ റെയിഞ്ചിലെ ശംഖിലി കടവിൽനിന്നും 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വരുന്നതിനുമുൻപ് തന്നെ മണൽവാരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ റിട്ട് അപ്പീൽ നമ്പർ 202/95 ലെ ബഹു: സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ മണൽവാരൽ നിരോധിക്കുകയും ഇക്കാര്യത്തിലുള്ള നിയമോപദേശം കണക്കിലെടുത്ത് സർക്കാർ അനുമതി പ്രകാരം മണൽവാരൽ പുനരാരംഭിക്കുകയുണ്ടായി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് കേരള സർക്കാർ മണൽവാരൽ നിരോധിക്കുകയുണ്ടായി.

(ബി) 1980-ന് മുൻപ് ശംഖിലിയിൽനിന്നും മണൽവാരിയതിന്റെ അടിസ്ഥാനത്തിലാണ് 3.4.98 ലെ സർക്കാർ കത്ത് നമ്പർ 18285/സി2/97/എഫ് ആന്റ് ഡബ്ല്യു എൽ. ഡി. പ്രകാരം പ്രസ്തുത കടവ് മണൽവാരലിന് അനുവദിച്ചിട്ടുള്ളത്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.† 1980-ന് മുൻപ് ശംഖിലി കടവ് അനുവദിച്ചതായി പ്രത്യേക ഉത്തരവുകളൊന്നും ഇല്ല.

(സി) ശംഖിലി കടവിൽനിന്നും 1.4.97 മുതൽ 31.3.98 വരെ മണൽ നീക്കം ചെയ്തിട്ടില്ല.

(ഡി) 31.3.98 ന് ശേഷം ആകെ 102 ലോഡ് (500 ക്യു. മീറ്റർ) മണൽ ശംഖിലിയിൽനിന്നും നീക്കം ചെയ്തുപോയിട്ടുണ്ട്.

79 (1528) അഡ്വക്കേറ്റ് ജനറലുമായി സർക്കാർ നടത്തിയ ചർച്ച

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന ഉൽപ്പന്നങ്ങൾ വനേതര ആവശ്യങ്ങൾക്ക് വിൽപ്പന നടത്തുന്നതിനും മണൽവാരാനും ക്വാറിയിൽനിന്നും കല്ല് വിൽപ്പന നടത്താനും അനുമതി നൽകുന്നത് സംബന്ധിച്ച് 24.8.97-ൽ സർക്കാർ അഡ്വക്കേറ്റ് ജനറലിൽ നിന്നും നിയമോപദേശം നേടുകയുണ്ടായോ;

(ബി) എങ്കിൽ ഇങ്ങനെ ഒരു ഉപദേശം തേടേണ്ട ആവശ്യകത എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) 24.8.97-ൽ അഡ്വക്കേറ്റ് ജനറലുമായി നടത്തിയ ചർച്ചയുടെ മിനിട്ട്സിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) നിയമോപദേശം നേടിയിട്ടുണ്ട്.

(ബി) വനഭൂമിയിൽ നിന്നും പാറ ശേഖരിക്കുന്നതും മണൽ ശേഖരണം നടത്തുന്നതും 1980-ലെ വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഇതേത്തുടർന്ന് 1980-ലെ വനസംരക്ഷണനിയമം പ്രാബല്യത്തിൽവരുന്നതിന് മുൻപ് നിലവിലുണ്ടായിരുന്നവ മാത്രമാണ് പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ 12.12.96-ലെ ബഹു: സുപ്രീം കോടതി വിധിയെത്തുടർന്ന് പാറ ശേഖരിക്കലുകളും മണൽശേഖരിക്കലുകളും നിർത്തിവയ്ക്കുകയുണ്ടായി. ഇതുമൂലം പ്രസ്തുത പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്ന പാവപ്പെട്ട തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിന് ഗതിയില്ലാതാവുകയും ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം അഭ്യർത്ഥിച്ചുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുമുണ്ടായി. ഇങ്ങനെ ഉടലെടുത്ത സാമൂഹ്യപ്രശ്നങ്ങളുടെ സമ്മർദ്ദത്താൽ, ഈ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള ഉപാധി തേടി അഡ്വക്കേറ്റ് ജനറലിൽനിന്നും നിയമോപദേശം തേടുകയുണ്ടായി.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly